# സിനിമയുടെ പ്രബോധന സാധ്യതകൾ

യു.കെ സഈദ് റാസൽഖൈമ

**അൻവർ** എന്ന സിനിമയെ വിമർശവിധേയമാക്കിക്കൊണ്ടുള്ള ടി.പി മുഹമ്മദ് ശമീമിന്റെ ലേഖനവും നാജിദാ ബാനു ആദിരാജ എഴുതിയ പ്രതികരണവും വായിച്ചപ്പോൾ മനസ്സിലേക്കോടിയെത്തിയ ചില വിചാരങ്ങളാണ് പങ്കുവെക്കുന്നത്. ആനുകാലികങ്ങളും പത്രങ്ങളും തുടങ്ങി പ്രസിദ്ധീകരണ രംഗത്ത് കേരളത്തിൽ ഇന്ന് മുന്നിട്ടുനിൽക്കുന്നത് മുസ്‌ലിം സമുദായമാണെന്ന് വേണമെങ്കിൽ പറയാം. നിരക്ഷരതയിൽനിന്ന് അറിവ് തിരിച്ചുപിടിക്കാനാരംഭിച്ചതിന്റെ പ്രതീകമായി പ്രസിദ്ധീകരണരംഗത്തുള്ള മുസ്‌ലിം സമുദായത്തിന്റെ മുന്നേറ്റത്തെ കണക്കാക്കാവുന്നതാണ്. അവിടെ നിന്നും മുന്നോട്ടു കുതിച്ച സവർണരും സാമ്രാജ്യത്വവുമൊക്കെ ടെക്നോളജിയുടെ അകമ്പടിയോടെ പുതിയ പ്രചാരണരീതികൾ അവലംബിക്കുമ്പോഴും പ്രസിദ്ധീകരണങ്ങളിൽ പ്രതികരണമെഴുതി കാലം കഴിക്കുകയാണ് സമുദായം. ലോക സിനിമകളിൽ ഭൂരിഭാഗവും തൊപ്പിയും താടിയും വെച്ച 'മുസ്‌ലിം' വില്ലൻ കഥാപാത്രമായി വന്നുകൊണ്ടിരിക്കുന്ന പ്രവണത കേവലം യാദൃഛികതയല്ല. ബോധപൂർവം തന്നെയാണത്. അങ്ങനെയാവുമ്പോൾ അവർ മുസ്‌ലിമിനെ 'അങ്ങനെയാക്കി ചിത്രീകരിച്ചു' എന്ന സ്കൂൾ കുട്ടികളുടേതു പോലുള്ള ബാലിശമായ പരാതി പറച്ചിലിന് വലിയ പ്രസക്തിയൊന്നുമില്ല. സിനിമകളിലൂടെ അവതരിപ്പിക്കപ്പെട്ട കഥയും കഥാപാത്രങ്ങളുമൊക്കെ ഇന്നത്തെ മുസ്‌ലിം സമുദായത്തെ കുറിച്ചുള്ള പൊതുബോധം രൂപപ്പെടുന്നതിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. മുസ്‌ലിം സമുദായം ടെക്നോളജിയെ ഉപയോഗപ്പെടുത്തിയതിന്റെ പര്യവസാനമാകട്ടെ 'യൂട്യൂബ് കോമഡികളായി' അധഃപതിക്കുകയും ചെയ്തു.

ഇസ്‌ലാമിനെയും മുസ്‌ലിമിനെയും സമൂഹത്തിന് പരിചയപ്പെടുത്താനുള്ള സമുദായത്തിന്റെ മുഖ്യ മാർഗം ഇന്നും പ്രസിദ്ധീകരണങ്ങൾ തന്നെയാണ്. പക്ഷേ, പുതു തലമുറ വായനയേക്കാൾ കാഴ്ചക്കാണ് പ്രാധാന്യം കൊടുക്കുന്നത്. അത് നാഗരികതയുടെ പുരോഗതിയിൽ അനിവാര്യവുമാണ്. ദൃശ്യമാധ്യമങ്ങളുടെ തള്ളിക്കയറ്റമാണ് 'കാഴ്ച'യെ ആശയ പ്രചാരണത്തിനുള്ള പ്രധാന മാർഗമാക്കി മാറ്റിത്തീർത്തത്.

സിനിമ എന്ന മാധ്യമത്തെ ഉപയോഗിക്കുന്നതിൽ അന്താരാഷ്ട്ര രംഗത്ത് തന്നെ മുസ്‌ലിം സമുദായം വളരെ പിന്നാക്കമാണ്. അതിന് പ്രധാന കാരണം പാരമ്പര്യമായി മുസ്‌ലിം സമുദായം സിനിമയെ കുറിച്ച് കൈമാറിവന്ന ചില ധാരണകളാണ്. മുസ്ത്വഫാ അഖാദിനെപ്പോലുള്ള മഹാന്മാരായ ചില സംവിധായകർ *മെസ്സേജ്*, *ഉമർമുഖ്താർ* പോലുള്ള സിനിമകൾ നിർമിച്ചപ്പോഴും അതിന്റെ പ്രചാരകരാവേണ്ടിയിരുന്ന സമുദായം അതിനെ പുറംകാലുകൊണ്ട് തൊഴിക്കുകയായിരുന്നു. ചരിത്രം ദൃശ്യവത്കരിക്കുന്നതിനെക്കുറിച്ച് ചില പണ്ഡിതന്മാരുയർത്തിയ ഫിഖ്ഹീ മസ്അലകളിലാണ് ആ സിനിമകൾ കൂടുതലായി പ്രചരിക്കപ്പെടാതെ പോയത്.

ഇസ്‌ലാമിക പ്രബോധകരെ വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി ഒരുപാട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുസ്‌ലിം സമുദായം നടത്തുന്നുണ്ട്. അവിടെനിന്ന് നല്ല പ്രഭാഷകരും എഴുത്തുകാരുമായവർ ലോകം മുഴുവനുമെത്തിപ്പെടുന്നുമുണ്ട്. പ്രഭാഷണവും എഴുത്തും മാത്രമാണ് പ്രബോധന മാർഗം എന്ന തെറ്റായ ചിന്താഗതിയാണ് സമുദായത്തെ നയിക്കുന്നതെന്ന് പറയേണ്ടിവരും. സിനിമ പോലുള്ള രംഗത്ത് പ്രവർത്തിക്കാൻ കഴിവുള്ള ഒരു പ്രബോധകനെയും നമ്മുടെ സ്ഥാപനങ്ങൾ വളർത്തിക്കൊണ്ടുവന്നതായി അറിയില്ല. ഇതിന്റെയും പ്രധാന കാരണം പാരമ്പര്യമായി കൈമാറിവന്ന ആ ധാരണകളാണ്. എല്ലാ ആൾക്കാരും ജിഹാദിനിറങ്ങാതെ, കുറച്ചു പേർ അറിവ് നേടാൻ ശ്രമിക്കേണ്ടതുണ്ടെന്ന തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാവരും പ്രഭാഷകരോ എഴുത്തുകാരോ ആവാൻ ശ്രമിക്കാതെ പ്രബോധനത്തിന്റെ മറ്റു സാധ്യതകളെക്കുറിച്ച് ചിന്തിക്കേണ്ടതല്ലേ? സിനിമയെ പ്രബോധന രംഗത്ത് നാം ഉപയോഗിക്കേണ്ട ഹിക്മത്തിന്റെ രൂപമായി എന്തുകൊണ്ട് സ്വീകരിച്ചുകൂടാ! സിനിമ എന്നത് കേവലം 'രാക്ഷസരാജാവി'ന്റെയോ 'രാവണപ്രഭു'വിന്റെയോ മാത്രം ഇടമല്ല. മറിച്ച്, അവിടെ മെസേജ് പോലുള്ള സിനിമകൾക്കും അവസരമുണ്ട്. ഇനിയും നല്ല കഥാപാത്ര സൃഷ്ടികളിലൂടെ അത് നമ്മുടെ രംഗമാക്കി മാറ്റണം. ചെറിയ പ്രോത്സാഹനം നൽകപ്പെടുകയാണെങ്കിൽ നമ്മുടെ സിനിമകൾ പാർശ്വവത്കരിക്കപ്പെടുന്ന ഒരു സമുദായത്തിന്റെ അതിജീവനത്തിന്റെ പ്രതീകമായി മാറുമെന്നതിൽ സംശയമില്ല. *മനോരമ, മാതൃഭൂമി* തുടങ്ങി മസാല പ്രസിദ്ധീകരണങ്ങൾ വരെ വാഴുന്ന ലോകത്താണ് വ്യതിരിക്തമായ പ്രസിദ്ധീകരണങ്ങളിലൂടെ സമുദായം മുന്നോട്ടുപോയത്. അപ്പോൾ നാം ഒരു മാധ്യമത്തെ എങ്ങനെ സ്വീകരിക്കുന്നു എന്നതിനനുസരിച്ചാണ് അതിന്റെ പ്രസക്തി.

'മുഹമ്മദിന്റെ കവികൾ നമ്മുടെ കവികളേക്കാൾ മികച്ചവർ, മുഹമ്മദിന്റെ പ്രഭാഷകർ നമ്മുടെ പ്രഭാഷകരേക്കാൾ മികച്ച പ്രഭാഷകർ' എന്നുദ്ഘോഷിച്ചു ഒരു വിഭാഗം ഇസ്‌ലാമിലേക്ക് വന്ന ചരിത്രം എല്ലാവർക്കും അറിയാവുന്നതാണ്. മുഹമ്മദിന്റെ സിനിമ നമ്മുടെ സിനിമകളെക്കാളൊക്കെ ആശയപരമായും കലാപരമായും മുന്നിട്ടുനിൽക്കുന്നു എന്ന് പറയിക്കാനും മറ്റുള്ളവരെ സത്യത്തിലേക്ക് നയിക്കാനും പ്രവാചകന്റെ പിൻഗാമികളെന്ന നിലക്ക് നമുക്ക് സാധിക്കേണ്ടതുണ്ട്. സലാം കൊടിയത്തൂരൊക്കെ തുടങ്ങിവെച്ച ഹോം സിനിമകൾക്ക് കലാപരമായ മേന്മകൾ അവകാശപ്പെടാനില്ലെങ്കിലും അത് ഒരു പിഞ്ചുകുഞ്ഞിന്റെ ഇഴഞ്ഞു തുടങ്ങാനുള്ള ശ്രമമായി വിലയിരുത്താം. അവിടെ നിന്നൊന്ന് പിടിച്ചുനിൽക്കാനോ പിച്ചവെക്കാനോ ഉള്ള ശ്രമം സലാം കൊടിയത്തൂരിൽനിന്നു പോലുമുണ്ടായിട്ടില്ല. മാത്രമല്ല, ആ ശ്രമം തന്നെ വേറെ ഏതോ വഴിയിലേക്ക് നീങ്ങിപ്പോവുകയും ചെയ്തു. യാഥാസ്ഥിതികരുടെ കടുത്ത എതിർപ്പിനിടയിലും നാടകം പോലുള്ള കലകളെ ഇസ്‌ലാമിക പ്രസ്ഥാനം പ്രോത്സാഹിപ്പിച്ചിരുന്നെങ്കിലും വർഷാവർഷം സിനിമാ പ്രവർത്തകർക്ക് തനിമയുടെ നേതൃത്വത്തിൽ നൽകുന്ന ഇഫ്ത്വാർ വിരുന്നിൽ കവിഞ്ഞ് ഈ രംഗത്ത് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സംഭാവനയും വളരെ തുഛമാണ്.

ഇസ്‌ലാം എന്താണെന്നും മുസ്‌ലിം ആരാണെന്നും നാം സമൂഹത്തെ അറിയിക്കണം. അതിന് നാം കാലഘട്ടത്തിന്റെ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിയേ തീരൂ. നാലു ഭാഗത്തുനിന്നും ഇസ്‌ലാമിനു നേരെ പ്രചാരണം കൊഴുക്കുമ്പോൾ പ്രതിരോധത്തിന്റെ സർഗാത്മക വശങ്ങളെ നാം സ്വായത്തമാക്കേണ്ടതുണ്ട്. ■